പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 162

# 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 20.11.18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 162

# 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

1462/2018.

# 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 219എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 219എ വകുപ്പിൽ, (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും രണ്ടോ അതിലധികമോ പഞ്ചായത്തുകളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റു വിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവുവരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 55) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 219എ വകുപ്പിന്റെ, (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന് കരാറടിസ്ഥാനത്തിൽ, പൊതുസ്ഥലത്തു നിന്നോ സ്വകാര്യപരിസരങ്ങളിൽ നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതും കൈയൊഴിയുന്നതും ഭാഗികമായോ മുഴുവനായോ ഏർപ്പാടു ചെയ്യാവുന്നതാണ്. എന്നാൽ, രണ്ടോ അതിലധികമോ പഞ്ചായത്തുകളിൽ നിന്ന് ഖരമാലിന്യങ്ങൾ, ചവർ, മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനും, കൈയൊഴിക്കുന്നതിനും പ്രസ്തുത ആവശ്യത്തിലേക്ക് ഗണ്യമായ ചെലവ് വരുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും പഞ്ചായത്തുകൾ, പ്രയോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ പല പഞ്ചായത്തുകൾക്കും പ്രസ്തുത ചുമതല ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയാതെ വരുന്നു എന്ന സാഹചര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം ഖരമാലിന്യങ്ങൾ, ചവർ, മാലിന്യങ്ങൾ, അപ്രകാരമുള്ള മറ്റു വസ്തുക്കൾ എന്നിവ രണ്ടോ അതിലധികമോ പഞ്ചായത്തുകളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റുവിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും പ്രസ്തുത ആവശ്യത്തിലേക്ക് ഗണ്യമായ ചെലവുവരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219എ വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2018 ഒക്ടോബർ 24-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 55-ാം നമ്പർ ഓർഡിനൻസായി 2018 ഒക്ടോബർ 25-ാം തീയതിയിലെ 2646-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2018-ലെ 55-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എ. സി. മൊയ്തീൻ.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

219എ. ചവറും ഖരാവസ്ഥയിലുള്ള വർജ്യ വസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പാടു ചെയ്യണമെന്ന്.—(1) ഓരോ ഗ്രാമപഞ്ചായത്തും,—

(എ) പതിവായി തെരുവുകൾ തൂത്തുവാരുന്നതിനും വൃത്തിയാക്കുന്നതിനും, അവിടെ നിന്നും ചവറ് നീക്കം ചെയ്യുന്നതിനും;

(ബി) സ്വകാര്യ പരിസരങ്ങളിൽ നിന്നും മാലിന്യങ്ങളും മൃഗശവങ്ങളും ദിവസേന നീക്കം ചെയ്യുന്നതിനും;

(സി) പോലീസിന്റെ അറിവോടുകൂടി അനാഥപ്രേതങ്ങൾ നീക്കം ചെയ്ത് സംസ്ക്കരിക്കുന്നതിനും;

(ഡി) ഖരാവസ്ഥയിലുള്ള വർജ്യവസ്തുക്കൾ നീക്കം ചെയ്യുന്നതിനും;

(ഇ) കുപ്പത്തൊട്ടിയിലും സ്വകാര്യ പരിസരങ്ങളിലും നിന്ന് ചവറ് ദിവസേന നീക്കം ചെയ്യുന്നതിനും മതിയായ ഏർപ്പാടുകൾ ചെയ്യേണ്ടതും, ഈ ഉദ്ദേശത്തോടുകൂടി അത്—

(i) മാലിന്യവും ചവറും മൃഗശവങ്ങളും ഇടുന്നതിനുള്ള ഡിപ്പോകളും സംഭരണികളും സ്ഥലങ്ങളും;

(ii) മാലിന്യം നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള മൂടിയ വാഹനങ്ങളും പാത്രങ്ങളും;

(iii) ചത്തുപോയ വലിയമൃഗങ്ങളേയും ചവറും നീക്കം ചെയ്യുന്നതിനുവേണ്ടി വാഹനങ്ങളും അല്ലെങ്കിൽ പറ്റിയ മറ്റു മാർഗ്ഗങ്ങളും;

(iv) ഗാർഹിക ചവർ, പൊടി, ചാരം, എച്ചിലുകൾ, അസഹ്യതയുണ്ടാക്കുന്ന വസ്തുക്കൾ, വ്യാവസായിക അവശിഷ്ടങ്ങൾ, സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, മൃഗശവങ്ങൾ എന്നിവ താൽക്കാലികമായി ഇടുന്നതിനുള്ള ചവറ്റുകുട്ടകളും സംഭരണികളും, സ്ഥലങ്ങളും ഏർപ്പെടുത്തിവയ്ക്കേണ്ടതുമാകുന്നു.

** ** ** **

(3) ഗ്രാമ പഞ്ചായത്തിനു കരാറടിസ്ഥാനത്തിൽ പൊതു സ്ഥലത്തു നിന്നോ സ്വകാര്യ പരിസരങ്ങളിൽ നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതും കൈയൊഴിയുന്നതും ഭാഗികമായോ മുഴുവനായോ ഏർപ്പാടുചെയ്യാവുന്നതാണ്.

** ** ** **